# ഖുർആനിലെ കുടുംബസങ്കൽപം

ഹൈദറലി ശാന്തപുരം

മനുഷ്യനാഗരികതയുടെ തുടക്കം കുടുംബത്തിൽനിന്നാണ്. കുടുംബങ്ങളാണ് സമൂഹമായി വികസിക്കുന്നത്. കുടുംബങ്ങൾ ഭദ്രമാകുമ്പോഴേ സമൂഹം ഭദ്രമാവൂ. കുടുംബാംഗങ്ങൾ പരസ്പരം അവകാശങ്ങളും ബാധ്യതകളും മനസ്സിലാക്കി വർത്തിക്കുമ്പോഴാണ് കുടുംബം സന്തുഷ്ടമാവുക. അനുസരിക്കേണ്ടവരെ അനുസരിക്കുക, ആദരിക്കേണ്ടവരെ ആദരിക്കുക, വത്സല്യം കാണിക്കേണ്ടവരോട് വാത്സല്യം കാണിക്കുക, അന്യോന്യം സഹകരിച്ച് ഗുണകാംക്ഷയോടെ കഴിയുക -ഇതൊക്കെ കുടുംബഭദ്രതയ്ക്ക് അനിവാര്യമാണ്.

## കുടുംബത്തിന്റെ പ്രാധാന്യം

വിവാഹത്തിലൂടെയാണ് ഒരു കുടുംബത്തിന് അസ്തിവാരമിടുന്നത്. ഭർത്താവും ഭാര്യയും ഇണയും തുണയുമായി കഴിയുമ്പോഴാണ് ദാമ്പത്യജീവിതം സന്തുഷ്ടവും ധന്യവുമായിത്തീരുന്നത്. ഭിന്നപ്രകൃതവും സ്വഭാവവുമുള്ള സ്ത്രീപുരുഷന്മാരുടെ കൂട്ടായ്മയായ കുടുംബമെന്ന സ്ഥാപനം നിലനിൽക്കണമെങ്കിൽ കുടുംബത്തിന്റെ പ്രാധാന്യവും ഉദ്ദേശ്യലക്ഷ്യങ്ങളും കുടുംബാംഗങ്ങളുടെ അവകാശങ്ങളും പരസ്പരബാധ്യതകളും വ്യക്തമായി വിശദീകരിക്കപ്പെടേണ്ടതുണ്ട്. ഖുർആനിലെ വിവിധ അധ്യായങ്ങളിൽ ഈ വിഷയകമായി വിസ്തരിച്ച പരാമർശം കാണാം.

ഇണകളായിരിക്കുക എന്നത് സൃഷ്ടികളിലെ ഒരു പൊതുനിയമമാണ്. അല്ലാഹു പറയുന്നു: "ഭൂമിയിൽ മുളക്കുന്ന സസ്യങ്ങളിലാവട്ടെ, ഇവരുടെ (മനുഷ്യരുടെ) തന്നെ വർഗത്തിലാവട്ടെ, ഇവർക്കറിഞ്ഞുകൂടാത്ത മറ്റനേകം വസ്തുക്കളിലാവട്ടെ എല്ലായിനങ്ങളിലും ഇണകളെ സൃഷ്ടിച്ചവൻ (അല്ലാഹു) എത്രയും പരിശുദ്ധനാകുന്നു" (യാസീൻ: 36).

"മനുഷ്യരേ! ഒരാത്മാവിൽനിന്ന് നിങ്ങളെ സൃഷ്ടിക്കുകയും അതിൽനിന്നുതന്നെ അതിന്റെ ഇണയെ സൃഷ്ടിക്കുകയും അവ രണ്ടിൽനിന്നുമായി ധാരാളം സ്ത്രീപുരുഷന്മാരെ (ഭൂമുഖത്ത്) പരത്തുകയും ചെയ്ത നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുക" (അന്നിസാഅ്: 1).

പ്രകൃതിയുടെ താൽപര്യമായ വൈവാഹികജീവിതത്തിന് ഖുർആൻ വിവിധ രൂപത്തിൽ പ്രേരണ നൽകിയതായി കാണാം. ചിലപ്പോൾ മനുഷ്യരെ ഇണകളായി സൃഷ്ടിച്ചത് ഒരനുഗ്രഹമാണെന്ന് അനുസ്മരിച്ചുകൊണ്ടായിരിക്കും:

"അല്ലാഹു നിങ്ങൾക്ക് നിങ്ങളിൽനിന്നുതന്നെ ഇണകളെ നിശ്ചയിച്ചുതരികയും നിങ്ങളുടെ ഇണകളിൽനിന്ന് പുത്ര-പൗത്രന്മാരെ പ്രദാനംചെയ്യുകയും നല്ല വസ്തുക്കൾ നിങ്ങൾക്ക് ആഹാരമായി നൽകുകയും ചെയ്തിരിക്കുന്നു" (അന്നഹ്ൽ: 72).

മറ്റു ചിലപ്പോൾ അത് ദൈവികദൃഷ്ടാന്തങ്ങളിൽ ഒന്നാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടായിരിക്കും: "അവൻ നിങ്ങൾക്ക് ശാന്തി നുകരാൻ സ്വജാതിയിൽനിന്നുതന്നെ ഇണകളെ സൃഷ്ടിച്ചുതന്നതും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കിത്തന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാകുന്നു" (അർറൂം: 21).

വിവാഹം വഴി വന്നുഭവിച്ചേക്കാവുന്ന വിഷമതകളെക്കുറിച്ച് ആശങ്കിച്ച് അതിൽനിന്ന് അകന്നുനിൽക്കുന്ന ആളുകളെ ദാമ്പത്യജീവിതത്തിന് പ്രോത്സാഹിപ്പിച്ചുകൊണ്ട് ഖുർആൻ പറയുന്നു: "നിങ്ങളിൽ അവിവാഹിതരായി കഴിയുന്നവരെയും നിങ്ങളുടെ ദാസന്മാരിലും ദാസികളിലും നല്ലവരെയും വിവാഹം കഴിപ്പിച്ചുകൊടുക്കുക. അവർ ദരിദ്രരാണെങ്കിൽ അല്ലാഹു അവന്റെ ഔദാര്യത്താൽ ഐശ്വര്യവാന്മാരാക്കും. അല്ലാഹു അതിവിശാലനും സർവജ്ഞനുമാണ്" (അന്നൂർ: 32).

## വൈവാഹികജീവിതത്തിന്റെ ലക്ഷ്യം

വൈവാഹികജീവിതത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഖുർആൻ വിവരിച്ചിട്ടുണ്ട്. ദാമ്പത്യജീവിതത്തിലൂടെ പുരുഷന്നും സ്ത്രീക്കും ശാന്തിയും സ്വസ്ഥതയും ലഭിക്കുന്നു. മനുഷ്യരെ ഇണകളായി സൃഷ്ടിച്ചതുതന്നെ അവർ പരസ്പരം ശാന്തി നുകരാനാണ്:

"അവൻ (അല്ലാഹു) നിങ്ങൾക്ക് ശാന്തി നുകരാൻ സ്വജാതിയിൽനിന്നുതന്നെ ഇണകളെ സൃഷ്ടിച്ചുതന്നതും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കിത്തന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാകുന്നു" (അർറൂം: 21).

"അവനാണ് നിങ്ങളെ ഒരാത്മാവിൽനിന്ന് സൃഷ്ടിച്ചത്. അതിൽനിന്നുതന്നെ അവൻ അതിന്റെ ഇണയെയും സൃഷ്ടിച്ചു. അവളോടൊത്ത് അവൻ ശാന്തി നേടുവാൻ" (അൽ അഅ്റാഫ്: 189).

ഭാര്യാഭർത്താക്കൾ തമ്മിലുള്ള ബന്ധത്തെ ഒരു മനുഷ്യനും അവന്റെ വസ്ത്രവും തമ്മിലുള്ള ബന്ധത്തോടാണ് ഖുർആൻ ഉപമിച്ചിട്ടുള്ളത്: "അവർ (ഭാര്യമാർ) നിങ്ങളുടെ വസ്ത്രമാണ്. നിങ്ങൾ അവരുടെ വസ്ത്രവും" (അൽബഖറ: 187).

വസ്ത്രം മനുഷ്യശരീരത്തോട് ഏറെ ഒട്ടിനിൽക്കുന്നു. നഗ്നത മറയ്ക്കുകയും ബാഹ്യോപദ്രവങ്ങളിൽനിന്ന് ശരീരത്തെ സംരക്ഷിച്ചു നിർത്തുകയും ചെയ്യുന്നു. അതോടൊപ്പം അത് അലങ്കാരവുമാണ്. ശരീരത്തിന് വസ്ത്രം എന്തൊക്കെയാണോ അതൊക്കെയായിരിക്കും ഭാര്യ ഭർത്താവിനും ഭർത്താവ് ഭാര്യക്കും എന്നാണ് ഈ ഖുർആൻസൂക്തം നിർദേശിക്കുന്നത്. അവരുടെ മനസ്സുകൾ ഒന്നായിരിക്കണം. അവർ വീഴ്ചകൾക്കും ന്യൂനതകൾക്കും പരസ്പരം മറയായി വർത്തിക്കണം. അവർ ഇണയും തുണയുമായി കഴിയുകയും തിന്മകളിൽനിന്നും

അധർമങ്ങളിൽനിന്നും അന്യോന്യം പ്രതിരോധിക്കുകയും വേണം. ഭാര്യക്ക് ഭർത്താവും ഭർത്താവിന് ഭാര്യയും അലങ്കാരവും സൗന്ദര്യവുമാകണം.

സന്താനലബ്ധി ഓരോ സ്ത്രീയുടെയും പുരുഷന്റെയും നൈസർഗികമായ ആഗ്രഹമാണ്. അതുകൊണ്ടുതന്നെ സന്താനലബ്ധി വിവാഹത്തിന്റെ മറ്റൊരു സുപ്രധാനലക്ഷ്യമാകുന്നു. ഭാര്യമാരെ കൃഷിയിടത്തോടാണ് ഖുർആൻ ഉപമിച്ചിട്ടുള്ളത്:

"നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ കൃഷിയിടമാകുന്നു. അതുകൊണ്ട് നിങ്ങളുടെ കൃഷിയിടത്തിൽ നിങ്ങളുദ്ദേശിക്കുംവിധം പോയ്ക്കൊള്ളുക" (അൽബഖറ: 223).

ദാമ്പത്യവല്ലരിയിൽ കായ്ക്കുന്ന ഫലങ്ങളാണ് സന്താനങ്ങൾ. അവർ അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമാകുന്നു: "നിങ്ങൾക്ക് നിങ്ങളുടെ വർഗത്തിൽനിന്നുതന്നെ ഇണകളെ ഉണ്ടാക്കിത്തന്നവൻ അല്ലാഹുവാകുന്നു. ആ ഇണകളിലൂടെ നിങ്ങൾക്ക് പുത്ര-പൗത്രന്മാരെ പ്രദാനം ചെയ്തതും അവൻ തന്നെ" (അന്നഹ്ൽ: 72).

ഭാര്യമാരും സന്താനങ്ങളും കണ്ണിന് കുളിർമ നൽകുംവിധം സൽഗുണസമ്പന്നരും ദൈവഭക്തരുമാവുമ്പോൾ മാത്രമേ വിവാഹലക്ഷ്യം സാക്ഷാത്കരിക്കപ്പെടുകയുള്ളൂ. അതിന് ശ്രമിക്കുന്നതോടൊപ്പം അല്ലാഹുവിനോട് പ്രാർഥിക്കുക കൂടി വേണം. പരമകാരുണികനായ അല്ലാഹുവിന്റെ ഉത്തമദാസന്മാരുടെ മാതൃകാപ്രാർഥന ഖുർആൻ എടുത്തുദ്ധരിക്കുന്നുണ്ട്: "ഞങ്ങളുടെ നാഥാ! ഞങ്ങളുടെ ഇണകളിൽനിന്നും സന്തതികളിൽനിന്നും നീ ഞങ്ങൾക്ക് കൺകുളിർമ പ്രദാനംചെയ്യേണമേ! നീ ഞങ്ങളെ ദൈവഭക്തന്മാരുടെ നായകന്മാരാക്കേണമേ! എന്ന് പ്രാർഥിക്കുന്നവരുമാണവർ" (അൽഫുർഖാൻ: 74).

## ധർമാധിഷ്ഠിത കുടുംബം

വധൂവരന്മാരെ തെരഞ്ഞെടുക്കുന്നതിൽ പല ഉപാധികളും ഖുർആൻ ചുമത്തിയിട്ടുണ്ട്. ആദർശനിഷ്ഠയും ധർമബോധവുമുള്ള ഒരു സമൂഹനിർമാണത്തിന് സഹായകമായിരിക്കണം കുടുംബം. അതിനാൽ വൈവാഹികബന്ധത്തിൽ ഏറ്റവും പരിഗണിക്കേണ്ടത് ധർമബോധത്തെയും വിശ്വാസത്തെയുമാണെന്ന് ഇസ്‌ലാം നിശ്ചയിച്ചു.

സത്യവിശ്വാസികളായ പുരുഷന്മാർ അധർമികളായ സ്ത്രീകളെയോ സത്യവിശ്വാസിനികളായ സ്ത്രീകൾ അധർമികളായ പുരുഷന്മാരെയോ വിവാഹം ചെയ്യുന്നത് നിഷിദ്ധമാണ്:

"വ്യഭിചാരി വ്യഭിചാരിണിയെയോ അല്ലെങ്കിൽ ബഹുദൈവവിശ്വാസിനിയെയോ അല്ലാതെ വിവാഹം ചെയ്യുകയില്ല. വ്യഭിചാരിയോ അല്ലെങ്കിൽ ബഹുദൈവവിശ്വാസിയോ അല്ലാതെ വ്യഭിചാരിണിയെയും വിവാഹം ചെയ്യുകയില്ല. സത്യവിശ്വാസിൾക്കത് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു" (അന്നൂർ: 3).

രക്തബന്ധം, മുലകുടിബന്ധം, വിവാഹബന്ധം തുടങ്ങി വിവിധ കാരണങ്ങളാൽ ചില സ്ത്രീകളുമായുള്ള വിവാഹം ഖുർആൻ നിരോധിച്ചിരിക്കുന്നു:

"നിങ്ങളുടെ മാതാക്കളും പെൺമക്കളും പെങ്ങന്മാരും പിതൃസഹോദരികളും മാതൃസഹോദരികളും സഹോദരപുത്രിമാരും സഹോദരീപുത്രിമാരും നിങ്ങൾക്ക് മുലയൂട്ടിയവരായ മാതാക്കളും മുലകുടിബന്ധത്തിലുള്ള സഹോദരിമാരും നിങ്ങളുടെ ഭാര്യമാരുടെ മാതാക്കളും നിങ്ങളോടൊപ്പം ദാമ്പത്യം പങ്കിട്ട സ്ത്രീകളിൽ പിറന്നവരും നിങ്ങളുടെ വീടുകളിൽ വളർന്നവരുമായ വളർത്തുപുത്രിമാരും നിങ്ങൾക്ക് നിരോധിക്കപ്പെട്ടിരിക്കുന്നു. ഇനി (അവസാനം പറഞ്ഞ സ്ത്രീകളെ വിവാഹം ചെയ്യുക മാത്രമേ ചെയ്തിട്ടുള്ളൂ) അവരുമായി ദമ്പതികളായി കഴിഞ്ഞുകൂടിയിട്ടില്ലെങ്കിൽ (അവരെ ഒഴിവാക്കി അവരുടെ പുത്രിമാരെ വിവാഹം ചെയ്യുന്നതിൽ) കുറ്റമില്ല. നിങ്ങളുടെ ഔരസപുത്രന്മാരുടെ ഭാര്യമാരും നിങ്ങൾക്ക് നിരോധിക്കപ്പെട്ടിരിക്കുന്നു. രണ്ടു സഹോദരികളെ ഒരുമിച്ച് ഭാര്യമാരാക്കുന്നതും നിങ്ങൾക്ക് നിഷിദ്ധമാകുന്നു. എന്നാൽ, നേരത്തേ കഴിഞ്ഞുപോയത് പോകട്ടെ. നിശ്ചയം, അല്ലാഹു മാപ്പരുളുന്നവനും കരുണാവാരിധിയുമാകുന്നു. മറ്റാരെങ്കിലും വിവാഹം കഴിച്ചിട്ടുള്ള ഭർതൃമതികളായ സ്ത്രീകളും നിങ്ങൾക്ക് നിഷിദ്ധമാകുന്നു. എന്നാൽ, (യുദ്ധത്തടവുകാരായി) നിങ്ങളുടെ അധീനത്തിൽ വന്ന സ്ത്രീകൾ അതിൽനിന്നൊഴിവാകുന്നു. ഇത് നിങ്ങൾ അനുസരിക്കാൻ കടപ്പെട്ട ദൈവികനിയമമത്രെ" (അന്നിസാഅ്: 23,24).

## ദാമ്പത്യബാധ്യതകൾ

കുടുംബത്തിന്റെ ആരോഗ്യകരമായ നിലനിൽപിന് നിദാനമായ ചില ബാധ്യതകൾ വിശുദ്ധഖുർആൻ ദമ്പതികളുടെ മേൽ ചുമത്തിയിട്ടുണ്ട്. ഭിന്നശരീരപ്രകൃതിയോടും മാനസികാവസ്ഥയോടും സൃഷ്ടിക്കപ്പെട്ട സ്ത്രീക്കും പുരുഷന്നും നിർവഹിക്കാനുള്ള വ്യത്യസ്ത ദൗത്യമനുസരിച്ചാണ് ബാധ്യതകൾ നിർണയിച്ചിട്ടുള്ളത്.

ഭർത്താവിന്റെ പ്രഥമ ബാധ്യതയാണ് ഭാര്യക്ക് വിവാഹമൂല്യം നൽകൽ. സ്ത്രീക്ക് നൽകുന്ന ആദരവിന്റെയും പരിഗണനയുടെയും പ്രതീകമാണ് വിവാഹമൂല്യം.

"നിങ്ങൾ സ്ത്രീകൾക്ക് അവരുടെ വിവാഹമൂല്യം പാരിതോഷികമായി നൽകുക" (അന്നിസാഅ്:4)

ഭാര്യയെ വിവാഹമോചനം ചെയ്യേണ്ടിവന്നാൽപോലും വിവാഹമൂല്യം തിരിച്ചുവാങ്ങാൻ പാടില്ല:

"നിങ്ങൾ ഒരു ഭാര്യയുടെ സ്ഥാനത്ത് മറ്റൊരു ഭാര്യയെ സ്വീകരിക്കാൻ തന്നെ നിശ്ചയിച്ചാൽ, ആദ്യഭാര്യക്ക് സമ്പത്തിന്റെ ഒരു കൂമ്പാരം തന്നെ നൽകിയിട്ടുണ്ടായിരുന്നെങ്കിലും അതിൽനിന്ന് യാതൊന്നും തിരിച്ചുവാങ്ങാവുന്നതല്ല. ദുർന്യായങ്ങളുന്നയിച്ചും അക്രമമായും നിങ്ങളത് തിരിച്ചുവാങ്ങുകയോ? നിങ്ങൾ പരസ്പരം അണഞ്ഞുചേരുകയും അവർ നിങ്ങളിൽനിന്ന് ബലിഷ്ഠമായ കരാർ വാങ്ങുകയും ചെയ്തുകഴിഞ്ഞിരിക്കെ നിങ്ങളതെങ്ങനെ തിരിച്ചുവാങ്ങിക്കുന്നു?" (അന്നിസാഅ്: 20,21).

ഭർത്താവിന്റെ മറ്റൊരു ബാധ്യതയാണ് ജീവനാംശം നൽകൽ. ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങി ജീവിതാവശ്യങ്ങളുടെ നിർവഹണമാണ് ജീവനാംശം കൊണ്ട് ഉദ്ദേശിക്കുന്നത്:

"അവർക്ക് ന്യായമായ നിലയിൽ ഭക്ഷണവും വസ്ത്രവും നൽകാൻ കുട്ടിയുടെ പിതാവ് ബാധ്യസ്ഥനാകുന്നു. എന്നാൽ, ആരിലും അവരുടെ കഴിവിൽ കവിഞ്ഞ ബാധ്യതകൾ ചുമത്താവതല്ല" (അൽബഖറ: 233).

"നിങ്ങൾ അവരെ നിങ്ങൾ പാർപ്പിക്കുന്നിടത്തുതന്നെ പാർപ്പിക്കണം, നിങ്ങൾക്ക് സൗകര്യപ്പെടുന്നതനുസരിച്ച്" (അത്ത്വലാഖ്: 6).

"സാമ്പത്തിക സുസ്ഥിതിയുള്ളവൻ തന്റെ സുസ്ഥിതിയനുസരിച്ച് ചെലവു ചെയ്യണം. വിഭവശേഷി കുറഞ്ഞവൻ അല്ലാഹു തനിക്കേകിയതെന്തോ അതിൽനിന്ന് ചെലവഴിക്കട്ടെ. അല്ലാഹു ഒരു മനുഷ്യനോടും അവന് നൽകിയിട്ടുള്ളതിലുപരി നിർബന്ധിക്കുന്നതല്ല" (അത്ത്വലാഖ്: 7).

ഭർത്താവിന്റെ ബാധ്യതയാണ് ഭാര്യയോട് മാന്യമായി വർത്തിക്കൽ:

"നിങ്ങൾ അവരോട് (ഭാര്യമാരോട്) മാന്യമായി സഹവർത്തിക്കേണ്ടതാകുന്നു. ഇനി നിങ്ങൾക്ക് അവരോട് അനിഷ്ടം തോന്നുകയാണെങ്കിൽ മനസ്സിലാക്കുക: നിങ്ങൾക്ക് ഒരു കാര്യത്തോട് അനിഷ്ടം തോന്നുകയും അതിൽതന്നെ അല്ലാഹു ധാരാളം നന്മകൾ നിശ്ചയിക്കുകയും ചെയ്തു എന്നുവരും" (അന്നിസാഅ്: 19).

ഭാര്യമാരുടെ ഐഹികവും പാരത്രികവുമായ രക്ഷയും മോക്ഷവും ലക്ഷ്യമാക്കി അവർക്കാവശ്യമായ ശിക്ഷണശീലങ്ങൾ

നൽകാൻ ഭർത്താക്കന്മാർ ബാധ്യസ്ഥരാണ്:

"നിന്റെ കുടുംബത്തോട് നീ നമസ്കരിക്കാൻ കൽപിക്കുകയും അതിൽ സ്ഥിരനിഷ്ഠനാവുകയും ചെയ്യുക" (ത്വാഹാ: 132).

"സത്യവിശ്വാസികളേ! നിങ്ങൾ നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും നരകത്തീയിൽനിന്ന് കാത്തുസൂക്ഷിക്കുക" (അത്തഹ്‌രീം: 6).

ഭർത്താക്കന്മാരെ അനുസരിക്കുകയും അവരുടെ രഹസ്യങ്ങൾ സൂക്ഷിക്കുകയും സ്വജീവിതത്തിലും ധനത്തിലും അവരെ വഞ്ചിക്കാതിരിക്കുകയും ചെയ്യുക എന്നത് ഭാര്യയുടെ ബാധ്യതയാകുന്നു:

"സദ്‌വൃത്തകളായ സ്ത്രീകൾ അനുസരണശീലമുള്ളവരും അല്ലാഹു സംരക്ഷിച്ച പ്രകാരം (ഭർത്താക്കന്മാരുടെ) അഭാവത്തിൽ (സംരക്ഷിക്കേണ്ടതെല്ലാം) സംരക്ഷിക്കുന്നവരുമാണ്" (അന്നിസാഅ്: 34).

അവകാശബാധ്യതകളിലുള്ള സ്ത്രീ-പുരുഷസമത്വമാണ് ഖുർആൻ വിഭാവന ചെയ്യുന്ന കുടുംബത്തിന്റെ അസ്തിവാരം.

"അവർക്ക് (സ്ത്രീകൾക്ക്) ബാധ്യതകളുള്ളതുപോലെത്തന്നെ നീതിപൂർവകമായ അവകാശങ്ങളുമുണ്ട്" (അൽബഖറ: 228).

## കുടുംബനേതൃത്വം പുരുഷന്ന്

കുടുംബമാകുന്ന സ്ഥാപനത്തിന്റെ നായകത്വം അല്ലാഹു പുരുഷനെയാണ് ഏൽപിച്ചിരിക്കുന്നത്. ഖുർആൻ അതിന് രണ്ട് കാരണങ്ങളാണ് പറയുന്നത്: ഒന്ന്, പുരുഷന്റെ പ്രകൃതിപരമായ നേതൃത്വകഴിവ്. രണ്ട്, കുടുംബത്തിന്റെ മുഴുവൻ സാമ്പത്തികബാധ്യതയും അവന്നാണുള്ളത്.

"പുരുഷന്മാർ സ്ത്രീകളുടെ മേൽ രക്ഷാകർതൃത്വമുള്ളവരാകുന്നു. അവരിൽ ഒരു വിഭാഗത്തിന് (പുരുഷന്മാർക്ക്) മറ്റേ വിഭാഗത്തേ(സ്ത്രീകളേ)ക്കാൾ അല്ലാഹു കൂടുതൽ കഴിവ് നൽകിയതുകൊണ്ടും പുരുഷന്മാർ തങ്ങളുടെ ധനം ചെലവഴിക്കുന്നതുകൊണ്ടുമാണത്" (അന്നിസാഅ്: 34).

## അസ്വാരസ്യങ്ങൾ ഉടലെടുക്കുമ്പോൾ

ഭാര്യാഭർത്താക്കൾ തമ്മിലുള്ള ബന്ധം സ്നേഹത്തിന്റേതും സന്തോഷത്തിന്റേതുമായിരിക്കണമെന്നതാണ് ഖുർആന്റെ സങ്കൽപം. അതുകൊണ്ടാണ് സ്ത്രീയും പുരുഷനും പരസ്പരം പാലിക്കേണ്ട മര്യാദകളും ഓരോരുത്തരുടെയും അവകാശങ്ങളും ബാധ്യതകളും ഖുർആൻ വ്യക്തമാക്കിയത്. എങ്കിൽപോലും മനുഷ്യരെന്ന നിലയിൽ ദമ്പതികൾക്കിടയിൽ അഭിപ്രായവ്യത്യാസവും അസ്വാരസ്യവും ഉടലെടുക്കാം. അങ്ങനെ ദമ്പതികൾക്കിടയിൽ പ്രശ്നങ്ങൾ ഉടലെടുക്കുകയാണെങ്കിൽ അതിന് ക്രമാനുഗതമായ നടപടികൾ വിശുദ്ധഖുർആൻ സമർപ്പിച്ചിട്ടുണ്ട്. കാര്യം വിവാഹമോചനത്തിലെത്താതിരിക്കാൻ പരമാവധി ശ്രമിക്കുകയാണ് അതിന്റെ ഉദ്ദേശ്യം. ഭാര്യയുടെ അനുസരണക്കേടാണ് പ്രശ്നമെങ്കിൽ ഭർത്താവ് ആദ്യമായി വേണ്ടത് ഭാര്യയെ ഉപദേശിക്കുകയാണ്. അതുകൊണ്ട് ഫലം കണ്ടില്ലെങ്കിൽ കിടപ്പറയിൽ അവളോട് വൈമുഖ്യം കാണിക്കുക. അതുകൊണ്ടും കാര്യമില്ലെങ്കിൽ ഒരു ഷോക്ക് ചികിത്സ എന്ന നിലയിൽ ലഘുവായി പ്രഹരിക്കുക. പ്രഹരം ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രമേ പാടുള്ളൂവെന്നും ലഘുവായിരിക്കണമെന്നും പ്രവാചകൻ(സ) വിശദീകരിച്ചിട്ടുണ്ട്. ഖുർആൻ പറയുന്നു:

"ഏത് സ്ത്രീകളിൽനിന്ന് നിങ്ങൾ അനുസരണക്കേട് ആശങ്കിക്കുന്നുവോ അവരെ സദുപദേശം ചെയ്യുക. ശയ്യകളിൽ പിരിഞ്ഞിരിക്കുക, പ്രഹരിക്കുക. അങ്ങനെ അവർ നിങ്ങളെ അനുസരിക്കുന്നവരായി ത്തീർന്നാൽ പിന്നെ അവരെ പീഡിപ്പിക്കാൻ മാർഗമന്വേഷിക്കാവതല്ല. മീതെ അത്യുന്നതനും വലിയവനുമായ അല്ലാഹുവുണ്ടെന്ന് ഓർത്തിരിക്കുക" (അന്നിസാഅ്: 34).

സദുപദേശം, കിടപ്പറ ബഹിഷ്കരണം, പ്രഹരം എന്നിവകൊണ്ടൊന്നും പ്രശ്നം അവസാനിക്കുന്നില്ലെങ്കിൽ ഭാര്യാഭർത്താക്കന്മാർ സ്വന്തമായി ഒരു തീരുമാനമെടുക്കുന്നതിനുപകരം ഇരുഭാഗത്തുമുള്ള കൈകാര്യകർത്താക്കൾ ഇടപെട്ട് പ്രശ്നം പരിഹരിക്കണമെന്നാണ് ഖുർആൻ നിർദേശിക്കുന്നത്:

"ദമ്പതികൾ തമ്മിലുള്ള ബന്ധം ശിഥിലമാകുന്നുവെന്ന് ആശങ്കയുണ്ടായാൽ, നിങ്ങൾ അവന്റെ ബന്ധുക്കളിൽനിന്ന് ഒരു മധ്യസ്ഥനെയും അവളുടെ ബന്ധുക്കളിൽനിന്ന് ഒരു മധ്യസ്ഥനെയും നിയോഗിക്കുക. അവരിരുവരും അനുരഞ്ജനം ആഗ്രഹിച്ചാൽ, അല്ലാഹു അവർക്കിടയിൽ യോജിപ്പിന്റെ മാർഗം തുറന്നുകൊടുക്കുന്നവനാകുന്നു. നിശ്ചയം, അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാണ്" (അന്നിസാഅ്: 35).

അനുരഞ്ജനത്തിന്റെ എല്ലാ ശ്രമവും പരാജയപ്പെടുമ്പോഴാണ് വിവാഹമോചനം (ത്വലാഖ്) അനുവദിക്കപ്പെടുന്നത്. ഒരു നിലയ്ക്കും ഒത്തുപോവാൻ കഴിയാത്തവർ വിട്ടുപിരിയാൻ പാടില്ലെന്ന് പറയുന്നത് അന്യായമായിരിക്കും. അതിനാൽ ഭാര്യാഭർത്താക്കന്മാർക്ക് വീണ്ടുവിചാരത്തിന് അവസരം നൽകിയും വേണമെങ്കിൽ ദാമ്പത്യബന്ധത്തിലേക്കു തന്നെ തിരിച്ചുവരാനുള്ള മാർഗം തുറന്നുവച്ചുകൊണ്ടും വിവാഹമോചനം അനുവദിച്ചിരിക്കുന്നു. ദമ്പതികൾ സ്വാഭാവികമായും അകന്നുകഴിയുന്ന സ്ത്രീയുടെ ആർത്തവകാലത്ത് വിവാഹമോചനം ചെയ്യരുത്. ശുദ്ധിഘട്ടത്തിൽതന്നെ അവർ ശാരീരികമായി ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ ത്വലാഖ് പാടില്ല. വിവാഹമോചനത്തിനുശേഷവും ഇദ്ദാ(ദീക്ഷാ)കാലം കഴിയുംവരെ സ്ത്രീയെ ഭർതൃഗൃഹത്തിൽ താമസിപ്പിക്കണം:

"അല്ലയോ പ്രവാചകരേ! നിങ്ങൾ സ്ത്രീകളെ വിവാഹമോചനം ചെയ്യുമ്പോൾ അവരുടെ 'ഇദ്ദ'യിൽ ചെയ്യുക. ഇദ്ദാകാലം കൃത്യമായി കണക്കാക്കുകയും ചെയ്യുക. നിങ്ങളുടെ നാഥനായ അല്ലാഹുവെ ഭയപ്പെടുക. (ഇദ്ദാകാലത്ത്) അവരെ അവരുടെ വീടുകളിൽനിന്ന് പുറത്താക്കരുത്. അവർ സ്വയം പുറത്തുപോകുകയുമരുത്. അവർ വ്യക്തമായ ദുർവൃത്തിയിലേർപ്പെട്ടെങ്കിലല്ലാതെ. ഇവ അല്ലാഹു നിശ്ചയിച്ച പരിധികളാകുന്നു. വല്ലവനും അല്ലാഹുവിന്റെ പരിധികൾ ലംഘിക്കുന്നെങ്കിൽ നിശ്ചയം, അവൻ തന്നോടു തന്നെയാണ് അക്രമം ചെയ്തത്. നിങ്ങൾക്കറിയില്ല. ഒരുപക്ഷേ, അല്ലാഹു അതിനുശേഷം (യോജിപ്പിനുള്ള) വല്ല മാർഗവുമുണ്ടാക്കിയേക്കും" (അത്ത്വലാഖ്: 1).

വിവാഹമോചനം ചെയ്താലും ഭാര്യയെ തിരിച്ചെടുക്കാനുള്ള മൂന്ന് അവസരങ്ങൾ നൽകിയിട്ടുണ്ട്. മൂന്നു പ്രാവശ്യം ത്വലാഖ് ചൊല്ലിയാലേ ദമ്പതികൾ പൂർണമായി വേർപിരിയുകയുള്ളൂ:

"ത്വലാഖ് രണ്ടു പ്രാവശ്യമാകുന്നു. പിന്നെ ന്യായമായ രീതിയിൽ കൂടെ പാർപ്പിക്കുകയോ അല്ലെങ്കിൽ പിരിച്ചയക്കുകയോ ചെയ്യണം" (അൽബഖറ: 229).

ത്വലാഖ് ചൊല്ലിയ ഭാര്യയെ അപമര്യാദയോടെ പറഞ്ഞയക്കാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. അവൾക്ക് നൽകിയ ഒന്നും തിരിച്ചുവാങ്ങാൻ പാടില്ല എന്നു മാത്രമല്ല, മാന്യമായ പാരിതോഷികം (മതാഅ്) നൽകിയായിരിക്കണം അവളെ പിരിച്ചയക്കേണ്ടത്:

"വിവാഹമോചിതകളായ സ്ത്രീകൾക്ക് മര്യാദയനുസരിച്ച് മതാഅ് (ജീവിതവിഭവം) നൽകേണ്ടതാണ്. അത് ഭക്തജനങ്ങളുടെ ബാധ്യതയത്രെ" (അൽബഖറ: 241).

ഭാര്യയുമായി ഒത്തുപോകാൻ സാധിക്കാതെവന്നാൽ, എല്ലാ ശ്രമങ്ങളും നടത്തിയശേഷം അവളെ വിവാഹമോചനം ചെയ്യാൻ പുരുഷന് അനുവാദമുള്ളതുപോലെത്തന്നെ ഭർത്താവുമായി ഒത്തുപോകാൻ കഴിയാത്ത അവസ്ഥ വന്നാൽ ദാമ്പത്യബന്ധത്തിൽനിന്ന് മോചനം നേടാൻ സ്ത്രീക്കും അവകാശമുണ്ട്. ദാമ്പത്യത്തിന്റെ പേരിൽ ഭർത്താവിൽനിന്ന്

അവൾ കൈപറ്റിയ വസ്തുക്കൾ തിരിച്ചുനൽകിക്കൊണ്ടായിരിക്കണം ആ മോചനം. അതിന് സാങ്കേതികഭാഷയിൽ *ഖുൽഅ്* എന്നു പറയുന്നു.

"ദമ്പതികളിരുവരും ദൈവികനിയമങ്ങൾ പാലിക്കുകയില്ലെന്ന് നിങ്ങൾ ആശങ്കിക്കുന്നെങ്കിൽ, അപ്പോൾ സ്ത്രീ തന്റെ ഭർത്താവിന് വല്ലതും നഷ്ടപരിഹാരമായി നൽകി മോചനം നേടുന്നതിൽ ഇരുവർക്കും കുറ്റമില്ലാത്തതാകുന്നു" (അൽബഖറ: 229)

രോഗം, പ്രായാധിക്യം, വൈരൂപ്യം മുതലായ കാരണങ്ങളാൽ ഭർത്താവ് തന്നെ വെറുക്കുകയോ അവഗണിക്കുകയോ ചെയ്യുന്നുവെന്ന് ഭാര്യക്ക് ആശങ്കയുണ്ടായാൽ അവരിരുപേർക്കും അവകാശങ്ങളിലും ബാധ്യതകളിലും വിട്ടുവീഴ്ച ചെയ്തുകൊണ്ട് ഒരൊത്തുതീർപ്പിൽ എത്താവുന്നതാണ്. കഴിവതും ദാമ്പത്യബന്ധം തകരാതിരിക്കുക എന്നതാണ് ലക്ഷ്യം.

"ഒരു സ്ത്രീ തന്റെ ഭർത്താവിൽനിന്ന് വെറുപ്പോ അവഗണനയോ ഭയന്നാൽ അവർ തമ്മിൽ വല്ല വിധേനയും സന്ധിയാകുന്നതിന് വിരോധമില്ല. സന്ധിയാവുകയാണ് ഉത്തമം. സങ്കുചിതത്വം മനസ്സുകളിൽ രൂഢമൂലമായിരിക്കുന്നു. നിങ്ങൾ ഉദാരതയോടെ വർത്തിക്കുകയും സൂക്ഷ്മത പാലിക്കുകയുമാണെങ്കിൽ ഉറപ്പിച്ചുകൊള്ളുക; അല്ലാഹു നിങ്ങളുടെ പ്രവൃത്തികളെക്കുറിച്ചെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു" (അന്നിസാഅ്: 128).

## മാതാപിതാക്കളോടുള്ള ബാധ്യതകൾ

കുടുംബത്തിന്റെ അടിവേരായ മാതാപിതാക്കളുടെ കാര്യം ഖുർആൻ വിവിധ അധ്യായങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. മാതാപിതാക്കൾക്ക് മഹിതമായ പദവിയാണ് ഖുർആൻ നൽകിയിട്ടുള്ളത്. അവരോട് നല്ല നിലയിൽ വർത്തിക്കാനും അവരെ അനുസരിക്കാനും ആദരിക്കാനും ആജ്ഞാപിക്കുന്നു. പ്രായാധിക്യത്താൽ അവശരായ മാതാപിതാക്കളെ കാരുണ്യത്തോടെ പരിരക്ഷിക്കണമെന്നും അവർക്ക് അരോചകമാകുന്ന വാക്കുപോലും ഉരിയാടരുതെന്നും നിർദേശിക്കുന്നു.

പല സ്ഥലങ്ങളിലും മാതാപിതാക്കളുടെ കാര്യം പറഞ്ഞിട്ടുള്ളത് അല്ലാഹുവോടുള്ള കീഴ്വണക്കത്തെക്കുറിച്ചും അനുസരണത്തെക്കുറിച്ചും പറഞ്ഞതിനോട് ചേർത്താണ്:

"നിങ്ങൾ അല്ലാഹുവിന് കീഴ്പ്പെട്ടു ജീവിക്കുക. അവനിൽ ഒന്നിനെയും പങ്കു ചേർക്കാതിരിക്കുക. മാതാപിതാക്കളോട് നല്ല നിലയിൽ സഹവസിക്കുകയും ചെയ്യുക" (അന്നിസാഅ്: 36).

"പറയുക: വരൂ! നിങ്ങളുടെ നാഥൻ നിങ്ങളോട് നിഷ്കർഷിച്ച കാര്യങ്ങൾ എന്തൊക്കെയെന്ന് ഞാൻ പറഞ്ഞുതരാം. അവനിൽ യാതൊന്നിനെയും പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നന്മചെയ്യണം" (അൽഅൻആം: 151).

"നിന്റെ നാഥൻ നിർബന്ധപൂർവം നിഷ്കർഷിച്ചിരിക്കുന്നു: അവനല്ലാതെ നീ വഴിപ്പെടരുത്. മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കണം" (അൽഇസ്റാഅ്: 23).

സ്രഷ്ടാവായ അല്ലാഹുവിനോട് നന്ദി കാണിക്കുന്നതുപോലെത്തന്നെ തന്റെ ജനനത്തിന് കാരണക്കാരാവുകയും തന്നെ പോറ്റിവളർത്തുകയും ചെയ്ത മാതാപിതാക്കളോട് നന്ദി കാണിക്കണമെന്നും മനുഷ്യനോട് അല്ലാഹു കൽപിക്കുന്നു:

"മനുഷ്യനോട് അവന്റെ മാതാപിതാക്കളുടെ കാര്യം നാം ഉപദേശിച്ചിരിക്കുന്നു. കടുത്ത ക്ലേശത്തോടെയാണ് മാതാവ് അവനെ ഗർഭം ചുമന്നത്. അവന്റെ മുലകുടി നിർത്താനോ രണ്ടു വർഷം വേണം. അതിനാൽ നീ എന്നോടും നിന്റെ മാതാപിതാക്കളോടും നന്ദി കാണിക്കുക. മടക്കം എന്റെ അടുക്കലേക്കുതന്നെയാണ്" (ലുഖ്മാൻ: 14).

ഇസ്‌ലാമികവീക്ഷണത്തിൽ ഏറ്റവും കഠിനമായ കുറ്റമാണ് ബഹുദൈവവിശ്വാസം. ദൈവത്തിന്റെ ഏകത്വത്തിൽ പങ്കുചേർക്കുകയെന്ന ഈ മഹാപാപം ചെയ്യുകയും അതിന് പ്രേരിപ്പിക്കുകയും നിർബന്ധിക്കുകയും ചെയ്യുന്നവരാണ് മാതാപിതാക്കളെങ്കിൽ പോലും ദൈവത്തോട് പങ്കു ചേർക്കാനുള്ള കൽപന അനുസരിക്കാതിരിക്കുന്നതോടൊപ്പം ഐഹികജീവിതത്തിൽ അവരോട് നല്ല നിലയിൽ വർത്തിക്കണമെന്നാണ് അല്ലാഹുവിന്റെ കൽപന:

"നിനക്ക് യാഥാർഥ്യം വ്യക്തമായറിയാത്ത വസ്തുക്കളെ എന്നിൽ പങ്കു ചേർക്കണമെന്ന് അവരിരുവരും നിന്നെ നിർബന്ധിച്ചാൽ നീ അവരെ അനുസരിക്കരുത്. അതോടൊപ്പം ഐഹികജീവിതത്തിൽ നീ അവരുമായി നല്ല നിലയിൽ സഹവസിക്കുക" (ലുഖ്മാൻ: 15).

മാതാപിതാക്കളിൽ മനുഷ്യന് ഏറ്റവും കൂടുതൽ ബാധ്യതയുള്ളത് മാതാവിനോടാണ്. അവനെ ഗർഭം ധരിച്ച് പ്രസവിച്ചതും ശൈശവകാലത്ത് പോറ്റിവളർത്തിയതും മാതാവാണ്. അതിനാൽ മാതാവ് സഹിച്ച ത്യാഗമനുസരിച്ച് അവരോടുള്ള കടപ്പാടും വർധിക്കുന്നു:

"മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്ന് മനുഷ്യനോട് നാം കൽപിച്ചിരിക്കുന്നു. ഏറെ പ്രയാസത്തോടെയാണ് മാതാവ് അവനെ ഗർഭം ചുമന്നത്. പ്രസവിച്ചതോ, കടുത്ത പാരവശ്യത്തോടെയും. ഗർഭധാരണവും മുലകുടിമാറ്റലും കൂടി മുപ്പത് മാസമത്രെ. പിന്നീടവർ പൂർണയുവത്വം പ്രാപിക്കുകയും നാൽപത് വയസ്സ് പ്രായമെത്തുകയും ചെയ്തപ്പോൾ അവനതാ പ്രാർഥിക്കുന്നു: നാഥാ! എനിക്കും എന്റെ മാതാപിതാക്കൾക്കും ചെയ്തുതന്ന അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കാനും നിനക്കിഷ്ടമുള്ള നല്ല കാര്യങ്ങൾ ചെയ്യാനും എനിക്ക് സന്മനസ്സേകേണമേ! ഞാനിതാ നിന്നിലേക്ക് പശ്ചാത്തപിച്ചു മടങ്ങിയിരിക്കുന്നു. ഞാൻ അനുസരണമുള്ളവൻ തന്നെ, തീർച്ച" (അൽ അഹ്ഖാഫ്: 15).

വാർധക്യകാലത്ത് ശാരീരികാവശതയും മാനസികാസ്വാസ്ഥ്യവും അനുഭവിക്കുന്ന മാതാപിതാക്കളെ പ്രത്യേകം ഗൗനിക്കണമെന്നും അവർക്കലോസരമുണ്ടാക്കുന്ന നീരസത്തിന്റെ ഒരു വാക്കുപോലും ഉരുവിടരുതെന്നും ഖുർആൻ അനുശാസിക്കുന്നു:

"അവരിൽ ഒരാളോ അവർ രണ്ടുപേരുമോ വാർധക്യം ബാധിച്ച് നിന്റെ സംരക്ഷണം ആവശ്യമായി വന്നാൽ നീ അവരോട് 'ഛെ' എന്നുപോലും പറയരുത്. മാന്യമായ വാക്കുകൾ മാത്രമേ പറയാവൂ. കാരുണ്യത്തോടെ വിനയമാകുന്ന ചിറക് അവർക്ക് താഴ്ത്തിക്കൊടുക്കണം. 'നാഥാ! കൊച്ചുനാളിൽ അവരിരുവരും എന്നെ പരിപാലിച്ചു വളർത്തിയപോലെ നീ അവരോടും കാരുണ്യം കാണിക്കേണമേ!' എന്ന് പ്രാർഥിക്കുകയും വേണം" (അൽഇസ്റാഅ്: 23,24).

## സന്താനങ്ങളോടുള്ള ബാധ്യതകൾ

ഖുർആന്റെ ഭാഷയിൽ സന്താനങ്ങൾ ദൈവത്തിന്റെ അനുഗ്രഹവും ഐഹികജീവിതത്തിലെ അലങ്കാരവുമാണ്. അവരുടെ ഭൗതികവും ആത്മീയവുമായ വളർച്ചയ്ക്കാവശ്യമായ കാര്യങ്ങൾ ചെയ്യാൻ മാതാപിതാക്കൾ ബാധ്യസ്ഥരാണ്. ഖുർആൻ പറയുന്നു:

"ധനവും സന്തതികളും ഐഹികജീവിതത്തിലെ അലങ്കാരമാകുന്നു" (അൽകഹ്ഫ്: 46).

ശൈശവത്തിൽ കുട്ടിയുടെ അവകാശമാണ് മാതാവിന്റെ മുലപ്പാൽ. ദൈവം കനിഞ്ഞരുളിയ അമ്മിഞ്ഞപ്പാൽ തങ്ങളുടെ സൗന്ദര്യം ചോർന്നുപോകുമോ എന്ന് ആശങ്കിച്ച് സന്താനങ്ങൾക്ക് നിഷേധിക്കുന്ന മാതാക്കളുള്ള ഇക്കാലത്ത് ഈ വിഷയത്തിൽ ഖുർആന്റെ കൽപന ഏറെ ശ്രദ്ധേയമാണ്:

"മാതാക്കൾ തങ്ങളുടെ മക്കൾക്ക് രണ്ടു കൊല്ലം പൂർണമായി മുലകൊടുക്കേണ്ടതാകുന്നു. മുലകുടി പൂർത്തീകരിക്കണമെന്ന് ഉദ്ദേശിക്കുന്നവർക്കാണിത്. ആ അവസരത്തിൽ അവർക്ക് ന്യായമായ നിലയിൽ ഭക്ഷണവും വസ്ത്രവും നൽകാൻ പിതാക്കൾ ബാധ്യസ്ഥരായിരിക്കും"

(അൽബഖറ: 233).

ദാരിദ്ര്യവും അപമാനവും ഭയന്ന് പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടുന്ന ഒരു കാലഘട്ടത്തിലാണ് ഖുർആൻ അവതീർണമായത്. ഭാവിയിൽ തനിക്ക് ലാഭമോ നഷ്ടമോ ഉണ്ടാകുക എന്ന് കണക്കുകൂട്ടി ഗർഭസ്ഥശിശുവിനെ ഗർഭാശയത്തിൽനിന്നുതന്നെ പിഴുതെറിയുന്നവരാണ് ആധുനികസമൂഹം. ഈ പ്രവണതയെ മഹാപാതകമായാണ് ഖുർആൻ കാണുന്നത്:

"വിഡ്ഢിത്തം കാരണമായി യാതൊരു ബോധവുമില്ലാതെ സ്വസന്താനങ്ങളെ വധിക്കുകയും അല്ലാഹുവിന്റെ മേൽ വ്യാജമാരോപിച്ച്, അവൻ അവർക്കായി നൽകിയ വസ്തുക്കൾ സ്വയം നിഷിദ്ധമാക്കുകയും ചെയ്തവർ നഷ്ടത്തിലാണ്, തീർച്ച. അവർ പിഴച്ചതുതന്നെ. അവർ സന്മാർഗം സിദ്ധിച്ചവരല്ല" (അൽഅൻആം: 140).

കുട്ടികളെ സാമൂഹികമര്യാദകൾ പഠിപ്പിക്കുകയും ശിക്ഷണശീലങ്ങൾ നൽകി വളർത്തുകയും ചെയ്യൽ രക്ഷിതാക്കളുടെ ബാധ്യതയാകുന്നു.

ഒരു സ്നേഹവത്സലനായ പിതാവ് തന്റെ മകന് നൽകേണ്ട ശിക്ഷണോപദേശങ്ങളുടെ മാതൃകാചിത്രം വിശുദ്ധഖുർആൻ വരച്ചുകാണിച്ചിട്ടുണ്ട്. പ്രസിദ്ധ തത്ത്വജ്ഞാനിയായിരുന്ന ലുഖ്മാൻ തന്റെ മകന് നൽകിയ ഹൃദയഹാരിയായ ഉപദേശമാണത്. ഏകദൈവ വിശ്വാസം, ആരാധനാനിഷ്ഠ, സാമൂഹികബാധ്യത, പെരുമാറ്റമര്യാദകൾ, സൽസ്വഭാവം തുടങ്ങി വിവിധ കാര്യങ്ങളടങ്ങിയ സമഗ്രമായ ഉപദേശം.

"ലുഖ്മാൻ തന്റെ മകനെ ഉപദേശിച്ചുകൊണ്ട് പറഞ്ഞതോർക്കുക: മകനേ! നീ ആരെയും അല്ലാഹുവിന്റെ പങ്കാളിയാക്കരുത്. അല്ലാഹുവിന് പങ്കാളികളെ കൽപിക്കുന്നത് മഹാ അക്രമമാകുന്നു" (ലുഖ്മാൻ: 13).

"മകനേ! യാതൊരു സംഗതിയും അത് ഒരു കടുകുമണിയോളമേയുള്ളൂവെങ്കിൽ പോലും അത് തന്നെ വല്ല പാറക്കെട്ടിലോ വാനലോകത്തോ ഭൂമിയിലോ എവിടെയെങ്കിലും ഗുപ്തമായിക്കിടന്നാലും അല്ലാഹു അതിനെ ഹാജരാക്കുന്നതാകുന്നു. അവൻ സൂക്ഷ്മദൃക്കും അഗാധജ്ഞനുമാണ്. മകനേ! നമസ്കാരം മുറപ്രകാരം നിലനിർത്തണം. നന്മ കൽപിക്കണം. തിന്മ വിലക്കണം. നിന്നെ ബാധിക്കുന്ന വിപത്തുകളിൽ ക്ഷമ കൈക്കൊള്ളണം. ഇവ അത്യന്തം ഊന്നപ്പെട്ട കാര്യങ്ങളത്രെ. നീ ആളുകളിൽനിന്ന് മുഖംതിരിച്ച് സംസാരിക്കരുത്. ഭൂമിയിൽ നിഗളിച്ച് നടക്കുകയുമരുത്. അഹന്ത കാട്ടുകയും ഭള്ളു പറയുകയും ചെയ്യുന്ന ആരെയും അല്ലാഹു സ്നേഹിക്കുകയില്ല. നിന്റെ നടത്തത്തിൽ മിതത്വം പാലിക്കുക. ശബ്ദം താഴ്ത്തുക. ശബ്ദങ്ങളിൽ ഏറ്റവും അരോചകമായത് കഴുതയുടെ ശബ്ദമാണല്ലോ" (ലുഖ്മാൻ: 16-19).

## അടുത്ത ബന്ധുക്കളോടുള്ള സമീപനം

ഭാര്യാഭർത്താക്കന്മാർ, മാതാപിതാക്കൾ, സന്താനങ്ങൾ എന്നിവർക്കുപുറമെ മറ്റു അടുത്ത ബന്ധുക്കളോടുള്ള സമീപനത്തിലും ഖുർആൻ സവിശേഷശ്രദ്ധ പുലർത്തുന്നു. ഖുർആനിലെ പല അധ്യായങ്ങളിലും അതിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞിട്ടുണ്ട്.

"അല്ലാഹുവിന്റെ നിയമമനുസരിച്ച് രക്തബന്ധമുള്ളവർ അന്യോന്യം കൂടുതൽ അടുത്തവരാകുന്നു. അല്ലാഹു എല്ലാ കാര്യങ്ങളും നന്നായറിയുന്നവൻതന്നെ, തീർച്ച" (അൽഅൻഫാൽ: 75).

"ആരെ മുൻനിർത്തി നിങ്ങൾ അന്യോന്യം (അവകാശങ്ങളും ആനുകൂല്യങ്ങളും) ചോദിക്കുന്നുവോ അതേ അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. കുടുംബബന്ധങ്ങളെയും സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങളെ വീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ട്" (അന്നിസാഅ്: 1).

അടുത്ത ബന്ധുക്കൾക്ക് സാമ്പത്തികസഹായം ചെയ്യാനും ദായധനവിതരണവേളയിൽ അവർക്ക് പാരിതോഷികം നൽകാനും അല്ലാഹു കൽപിച്ചിരിക്കുന്നു. ബന്ധുക്കൾക്ക് നൽകുന്ന സഹായം അവരുടെ അവകാശമായിട്ടാണ് ഖുർആൻ വിശേഷിപ്പിക്കുന്നത്:

"അടുത്ത ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും വഴിയാത്രക്കാർക്കും സഹായാർഥികൾക്കും ബന്ധിതരുടെ മോചനത്തിനും നിങ്ങളുടെ പ്രിയങ്കരമായ ധനം ചെലവഴിക്കലാണ് പുണ്യകർമം" (അൽബഖറ: 177).

"നീതി നടത്തുക, നന്മ ചെയ്യുക, അടുത്ത ബന്ധുക്കൾക്ക് ചെലവഴിക്കുക -ഇതെല്ലാമാണ് അല്ലാഹു കൽപിച്ചിരിക്കുന്നത്" (അന്നഹ്ൽ: 90).

"അടുത്ത ബന്ധുക്കൾക്ക് അവരുടെ അവകാശം നൽകുക" (അൽഇസ്രാഅ്: 26).

"ദായധനഭാഗത്തിന്റെ സന്ദർഭത്തിൽ അവകാശികളല്ലാത്ത അടുത്ത ബന്ധുക്കളും അഗതികളും സന്നിഹിതരായാൽ അവർക്കും അതിൽനിന്ന് വല്ലതും നൽകുകയും അവരോട് നല്ല വാക്ക് പറയുകയും ചെയ്യുക" (അന്നിസാഅ്: 8).